"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2023 വർഷത്തെ സംസ്ഥാന കർഷക അവാർഡ് -ഫലകം വാങ്ങുന്നതിനു അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി ( ഇ ബി )വകുപ്പ്**

സ.ഉ.(സാധാ) നം.704/2024/AGRI                    തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. 20-07-2024 ലെ സ.ഉ.(സാധാ) നം.669/2024/കൃഷി നമ്പർ ഉത്തരവ്.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.07.2024 ലെ ADFW/4813/2024-TV1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നൽകുന്ന കർഷക അവാർഡുകൾ പുന: ക്രമീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. 2016 മുതൽ അവാർഡ് ജേതാക്കൾക്ക് നൽകുന്ന ഫലകം പ്രശസ്ത ശില്പി ശ്രീ. കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്തതും, കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെൻറ് കോർപ്പറേഷനിലെ ഒരു ഡിവിഷൻ ആയ സ്റ്റാച്യുവിൽ പ്രവർത്തിക്കുന്ന SMSM ഇൻസ്റ്റിറ്റ്യൂട്ട് സെൻട്രൽ ഹാൻഡിക്രാഫ്റ്റ്സ് എംപോറിയം ആണ് ഇത് നിർ മ്മിക്കുന്നതെന്നും ഈ വർഷത്തെ അവാർഡ് ദാനത്തിനായി 65 എണ്ണം മൊമൻറോകൾ ആവശ്യമാണെന്നും കഴിഞ്ഞ വർഷം പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വാങ്ങിയ 30 എണ്ണം നിലവിൽ സ്റ്റോക്കിൽ നിലനിൽക്കുന്നുണ്ടെന്നും, 2023 വർഷത്തെ അവാർഡ് വിതരണത്തിന് അധികമായി ആവശ്യമുള്ള 35 എണ്ണം മൊമൻറോകൾ സാമ്പത്തിക ലാഭം കണക്കിലെടുത്തും സർക്കാർ സ്ഥാപനമെന്ന പരിഗണനവെച്ചും കേരള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷന്റെ കീഴിലുള്ള S.M.S.M ഇൻസ്റ്റിറ്റ്യൂട്ട് സെൻട്രൽ ഹാൻഡിക്രാഫ്റ്റ്സ് എംപോറിയത്തിൽ നിന്ന് ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിനും ഇതിനുള്ള ചെലവ് കർഷക അവാർഡിൻറെ വിവിധ ചെലവിനത്തിനായുള്ള 2401-00-109- 80-PV എന്ന ശീർഷകത്തിൽ നിന്നു ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 വർഷത്തെ സംസ്ഥാന കർഷക അവാർഡ് വിതരണത്തിന് അധികമായി ആവശ്യമുള്ള 35 എണ്ണം മൊമൻറോകൾ കേരള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപറേഷന്റെ കീഴിലുള്ള S.M.S.M ഇൻസ്റ്റിറ്റ്യൂട്ട് സെൻട്രൽ

ഹാൻഡിക്രാഫ്റ്സ് എംപോറിയത്തിൽ നിന്ന് ടെൻഡർ നടപടി കൂടാതെ വാങ്ങുന്നതിനും ഇതിനുള്ള തുക ആയ 1,76,400/- രൂപ (ഒരു ലക്ഷത്തി എഴുപത്താറായിരത്തി നാന്നൂറ്   രൂപാ മാത്രം ) കർഷക അവാർഡിൻറെ വിവിധ ചെലവിനത്തിനായുള്ള **2401-00-109- 80-PV** എന്ന ശീർഷകത്തിൽ നിന്നു ചെലവഴിക്കുന്നതിനും   കാർഷികവികസ്സന  കർഷക ക്ഷേമ വകുപ്പ്  ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)  (എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ